# File No.LSGD-FM2/131/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് - 8/ 2000 മുതൽ 12/ 2006 വരെയുള്ള കെ.എസ്.ഇ.ബി സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ് കുടിശ്ശികയുടെ പലിശ തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1319/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/07/2020

---

പരാമർശം:- 1. മൺട്രോതുരുത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിൻറെ 10.01.2020 ലെ A3-2008/19 നമ്പർ കത്ത്

2. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24/03/2020 ലെ DDP-KLM/366/2020-C4 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് 8/2000 മുതൽ 12/2006 വരെയുള്ള കെ എസ് ഇ ബി സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ് കുടിശ്ശിക തുകയുടെ പലിശ ഇനത്തിൽ 561363/- രൂപ അടവാക്കാനുണ്ടെന്നും, ഗ്രാമപഞ്ചായത്ത് നേരിടുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി മൂലമാണ് മേൽകാലയളവിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് കുടിശ്ശിക വന്നിട്ടുള്ളതെന്നും ആയതിനാൽ ടി കുടിശ്ശികയുടെ പലിശ ഒടുക്കുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുകയോ അല്ലെങ്കിൽ ഗ്രാമ പഞ്ചായത്തിന്റെ ലഭ്യമായ തനതുഫണ്ടിൽ നിന്നും തുക ഒടുക്കുന്നതിന് അനുമതി നൽകുകയോ ചെയ്യണമെന്ന് പരാമർശം 2 കത്ത് പ്രകാരം കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ (8/2000 മുതൽ 12/2006 വരെയുള്ള) വൈദ്യുതി ചാർജ് കുടിശ്ശികയുടെ പലിശ ഇനത്തിൽ 561363/- (അഞ്ച് ലക്ഷത്തി അറുപത്തിയൊന്നായിരത്തി മുന്നൂറ്റി അറുപത്തി മൂന്ന്) രൂപ ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും ഒടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

പ്രസിഡന്റ് / സെക്രട്ടറി, മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by BINDU
Date: 2020.[illegible] IST
Reason: Approved